# മന്ത്രിക്കുവാൻ

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

ശാരീരികവും മാനസികവുമായ രോഗങ്ങൾക്കെല്ലാം ശിഫയും മന്ത്രവുമാണ് വിശുദ്ധ ക്വുർആൻ. ഓതി ഊതുവാൻ പ്രത്യേകം ചില സൂറത്തുകൾ തെളിവുകളിൽ വന്നിട്ടുണ്ട്. അവയിൽ ചിലത് താഴെ നൽകുന്നു:

- സൂറത്തുൽഫാതിഹഃ
- സൂലത്തുൽഇഖ്ലാസ്
- സൂറത്തുൽഫലക്
- സൂറത്തുന്നാസ്

മന്ത്രിച്ച് ചികിത്സിച്ചുകൊണ്ടിരുന്ന ഒരു മഹതിയോട് നബിﷺ പറഞ്ഞു: ((നിങ്ങൾ അവരെ അല്ലാഹുവിന്റെ ഗ്രന്ഥംകൊണ്ട് ചികിത്സിക്കുക)) സ്വഹീഹു ഇബ്നുഹിബ്ബാൻ. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

സുന്നത്തിൽ സ്ഥിരപ്പെട്ട ഏതാനും മന്ത്രങ്ങളും ഇവിടെ നൽകുന്നു:

തന്റെ ശരീരത്തിൽ വേദനിക്കുന്ന സ്ഥലത്ത് കൈ വെക്കുക. ശേഷം بِسْمِ الله എന്ന് മൂന്നുതവണ പറയുക. ശേഷം:

أَعوذُ بِاللهِ وقُدرته من شر ما أَجِد وأُحاذر

“ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുകയും ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതിന്റെ കെടുതിയിൽനിന്ന് അല്ലാഹുവിലും അവന്റെ കഴിവിലും ഞാൻ അഭയം തേടുന്നു” എന്ന് ഏഴ് തവണ പറയുക.

കൈ ഉയർത്തിയശേഷം ഈ ദുആ ആവർത്തിക്കുകയും ഒറ്റയായി അവസാനിപ്പിക്കുകയും ചെയ്യുക എന്നാണ് മറ്റൊരു റിപ്പോർട്ടിലുള്ളത്. ഉഥ്മാൻ ഇബ്നു അബിൽആസ്ﷺ തന്റെ ശരീരത്തിലെ വേദന നബിﷺയോട് പറഞ്ഞപ്പോൾ തിരുമേനിﷺ അദ്ദേഹത്തെ പഠിപ്പിച്ചത് ഇപ്രകാരമാണെന്ന് സ്വഹീഹു മുസ്ലിമിലുണ്ട്.

اللهم رب الناسِ ، أَذْهب الْباس ، اشف أنت الشافي ، لَا شفَاءَ إِلا شفَاؤك شفَاءً لَا يغادر سقَما

“അല്ലാഹുവേ, ജനങ്ങളുടെ രക്ഷിതാവേ, ഉപദ്രവം നീ നീക്കേണമേ, നീ രോഗശമനം പ്രദാനം ചെയ്യേണമേ; നീയാകുന്നു രോഗശമനം നൽകുന്നവൻ, നിന്റെ രോഗശമനം അല്ലാതെ യാതൊരു രോഗശമനവുമില്ല. ഒരു രോഗവും ഉപേക്ഷിക്കാത്ത ശമനം (പ്രദാനം ചെയ്യേണമേ)”

വല്ലവരും രോഗിയായാൽ നബിﷺ തന്റെ വലതു കൈകൊണ്ട് അയാളെ തടവി ഇപ്രകാരം മന്ത്രക്കാറുണ്ടായിരുന്നുവെന്ന് ആഇശാ؄ പറഞ്ഞതായി സ്വഹീഹുൽബുഖാരിയിലും മുസ്‌ലിമിലും ഉണ്ട്.

---

امسحِ الْباس رب الناسِ ، بِيدك الشفَاءُ ، لاَ كَاشف لَه إِلا أَنت

“ജനങ്ങളുടെ രക്ഷിതാവേ, ഉപദ്രവം നീ തുടച്ചുമാറ്റേണമേ, നിന്റെ കയ്യാലാകുന്നു രോഗശമനം. രോഗത്തെ നീക്കുന്നവനായി നീയല്ലാതെ മറ്റാരുമില്ല.”

നബിﷺ ഇപ്രകാരം മന്ത്രിക്കാറുണ്ടായിരുന്നുവെന്ന് ആഇശാ؄ പറഞ്ഞതായി സ്വഹീഹുൽ ബുഖാരിയിലുണ്ട്.

---

أَعوذُ بِكَلمات اللّه التامة من كلّ شيطَان وهامة ومن كُل عينٍ لاَمة

“എല്ലാ പിശാചുക്കളിൽനിന്നും വിഷജീവികളിൽനിന്നും ബാധയേൽപ്പിക്കുന്ന കണ്ണുകളിൽനിന്നും അല്ലാഹുവിന്റെ പരിപൂർണ്ണവചനങ്ങൾ കൊണ്ട് ഞാൻ അഭയം തേടുന്നു.”

ഹസൻ؄ ഹുസൈൻ؄ കുട്ടികൾക്കുവേണ്ടി നബിﷺ ഇപ്രകാരം മന്ത്രിച്ചതായി സ്വഹീഹുൽ ബുഖാരിയിലുണ്ട്.

---

بِسمِ الله أَرقيك من كُل شيءٍ يؤذيك من شر كُل نفْسٍ أَو عينِ حاسد الله يشفيك بِسمِ الله أَرقيك

“താങ്കൾക്ക് ഉപദ്രവമുണ്ടാക്കുന്ന എല്ലാ വസ്തുക്കളിൽനിന്നും, എല്ലാ മനുഷ്യരുടേയും തിന്മങ്ങളിൽനിന്നും അസൂയാലുക്കളുടെ കണ്ണുകളിൽ നിന്നും അല്ലാഹുവിന്റെ നാമത്തിൽ ഞാൻ

താങ്കൾക്ക് മന്ത്രിക്കുന്നു. അല്ലാഹു താങ്കൾക്ക് ശിഫ നൽകട്ടെ. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കൾക്ക് മന്ത്രിക്കുന്നു.''

നബിﷺ രോഗിയായപ്പോൾ ജിബ്‌രീൽعليه السلام ഇപ്രകാരം മന്ത്രിച്ചതായി സ്വഹീഹുമുസ്‌ലിമിലുണ്ട്.

## أسألُ اللهَ ٱلعظيم رب ٱلعرشِ ٱلعظيم أنْ يشفيك

''അതിമഹത്വമുള്ളവനായ, മഹിത സിംഹാസനത്തിന്റെ രക്ഷിതാവായ അല്ലാഹുവോട്, അവൻ നിനക്ക് ശിഫാഅ് ഏകുവാൻ ഞാൻ യാചിക്കുന്നു.''

ഒരാൾ, മരണം ആസന്നമാകാത്ത ഒരു രോഗിയെ സന്ദർശിക്കുകയും അയാളുടെ അടുക്കൽ ഏഴുതവണ ഇപ്രകാരം ദുആ ചെയ്താൽ അല്ലാഹുﷻ അയാൾക്ക് സൗഖ്യമേകുന്നതാണ്, തീർച്ച എന്ന് ഇമാം അബൂദാവൂദും തിർമുദിയും റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ വന്നിട്ടുണ്ട്. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു.